സ്ഥിര മൂലധന നിക്ഷേപത്തിനു തുല്യമായ തുക വിൽപ്പന നികുതിയിൽ നിന്നും പൂണ്ണമായി ഒഴിവാക്കിയിരിക്കുന്നു. അഭ്യസ്തവിദ്യർക്കും, വനിതകൾക്കും പലതരം ആനുകൂല്യങ്ങൾ നൽകുന്നു. പട്ടികജാതി- പട്ടികവർഗ്ഗക്കാർ ആരംഭിക്കുന്ന ചെറുകിട വ്യവസായങ്ങൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നു.

(ബി) സംസ്ഥാനത്തിന്റെ എല്ലാ മുന്നോക്ക പ്രദേശങ്ങളിലും ഒരേ സൗകര്യങ്ങളും സൗജന്യങ്ങളുമാണ് അനുവാദിക്കാറുള്ളത്.

(സി) ഗവൺമെന്റിന്റെ പുതിയ വ്യവസായ നയപ്രകാരം വയനാട്, ഇടുക്കി ജില്ലകളിൽ ആസൂത്രിത വികസനം ഉറപ്പാക്കാൻ പ്രത്യേക ഇൻഡിട്രിയൽ പാർക്കുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ ഇടുക്കി, വയനാട് ജില്ലകളിൽ പുതുതായി ആരംഭിക്കുന്ന ത്രസ്റ്റ് വ്യവസായങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 25% അല്ലെങ്കിൽ 25 ലക്ഷം രൂപ ഏതാണ് കുറവ് അത്രയും ഇൻവെസ്റ്റ്മെന്റ് സബ്സിഡി ഇനത്തിൽ നൽകും . എന്നാൽ ഇടുക്കി, വയനാട് എന്നീ ജില്ലകളിലും സർക്കാർ പ്രത്യേകമായി പ്രഖ്യാപിച്ചിട്ടുള്ള ഇൻഡസ്ട്രീയൽ ഗ്രോത്ത് സെന്ററുകളിലും പാർക്കുകളിലും ആരംഭിച്ചിട്ടുള്ള ത്രസ്റ്റ് സെക്ടറിൽ അല്ലാതെയുള്ള വ്യവസായങ്ങൾക്ക് പരമാവധി 10 ലക്ഷം രൂപാ സബ്സിഡിയിനത്തിൽ നൽകും നെഗറ്റീവ് ലിസ്റ്റിൽ പെടുത്തിട്ടില്ലാത്ത വ്യവസായങ്ങൾക്കു സ്ഥിരം മുലധനത്തിന്റെ 10% പരമാവധി 5 ലക്ഷം രൂപ നൽകുമ്പോൾ ഇടുക്കി, വയനാട് ജില്ലകളിലും ഗ്രോത്ത് സെന്ററുകളിലും പാർക്കുകളിലും പരമാവധി 10 ലക്ഷം രൂപാ നൽകുന്നതാണ്.

പെട്രോ കെമിക്കൽസ് ഫാക്ടറി

21 (2818)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോട് ജില്ലയിൽപ്പെട്ട ചീമേനിയിലെ നിർദ്ദിഷ്ട പെട്രോ കെമിക്കൽസ് ഫാക്ടറി ആരംഭിക്കുവാനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഈ ഫാക്ടറി ആരംഭിക്കുന്നതിന് ഇപ്പോൾ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ?

ഉത്തരം

(എ) നിർദ്ദിഷ്ട പെട്രോ കെമിക്കൽസ് ഫാക്ടറി ആരംഭിക്കാനുള്ള കേന്ദ്രഗവൺമെന്റു ലൈസൻസ്, കെ.എസ്.ഐ.ഡി.സി. യ്ക്ക് ലഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി കെ.എസ്.ഐ.ഡി.സി. ബോംബെയിലെ തപാരിയ ഗ്രൂപ്പുമായി ഒരു ധാരണാപത്രം ഒപ്പുവച്ചിരുന്നു. ഈ പ്രോജക്ട് സ്ഥാപിക്കുന്നതിന് തപാരിയഗ്രൂപ്പിൽ നിന്നുള്ള കാലതാമസം കാരണം അവരുമായുള്ള ധാരണാപത്രം കെ.എസ്.ഐ.ഡി.സി. ഈയിടെ റദ്ദാക്കി. മറ്റൊരു പ്രമോട്ടറെ ലഭിക്കുന്നതിനുവേണ്ടി ആഗോളമായി പത്രത്തിൽ പരസ്യം ചെയ്തിരിക്കുകയാണ്. പ്രോജക്ടു സ്ഥാപിക്കുന്നതിനാവശ്യമായ 2000-ൽ പരം ഏക്കർ സ്ഥലം ചീമേനിയിൽ കണ്ടുവച്ചിട്ടുണ്ട്. പ്രോജക്ടിന്റെ ഫീസിബിലിറ്റി റിപ്പോർട്ടും തയ്യാറായിട്ടുണ്ട്. പരസ്യം അനുസരിച്ചു ഒന്നിലധികം ആളുകൾ ഇതിനുവേണ്ടി ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രമോട്ടറെ തെരഞ്ഞടുക്കുന്ന പ്രോസസ് നടക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly